CALLING ATTENTION UNDER RULE 61

മി. സ്പീക്കർ: റൂൾ 61 അനുസരിച്ച് വളരെയേറെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കുവാനായിട്ട് ബഹുമാനപ്പെട്ട പല മെമ്പറന്മാരും നോട്ടീസ് നൽകിയിട്ടുണ്ട്. എല്ലാ പ്രശ്നങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു പ്രശ്നം ഉന്നയിക്കാൻ ഏതെങ്കിലും ഒരു ബഹുമാനപ്പെട്ട മെമ്പറിനു അവകാശം കൊടുക്കുന്നതിനു വളരെയധികം ബുദ്ധിമുട്ടുണ്ട്. കാരണം എല്ലാ നോട്ടീസും അത്യുജ്ജ്വ വളരെ പ്രധാനപ്പെട്ടതാണ്. ഈ സമ്മേളനം അവസാനിക്കുന്നതിനുമുമ്പു എല്ലാത്തിനും സമയം കൊടുക്കുന്നതിനും പ്രയാസമുണ്ട്. അതുകൊണ്ട് ഇവിടെ തന്നിട്ടുള്ള നോട്ടീസുകളെല്ലാം തന്നെ ഞാൻ വായിക്കാം.

ശ്രീ. ടി. എ. മജീദ്: ഏറ്റവും പ്രധാനപ്പെട്ടതു് ഏതാണെന്നു് കണ്ടുപിടിക്കാൻ വല്ല പ്രയാസവുമുണ്ടോ? മുഖം നോക്കാതെ ഏറ്റവും പ്രധാനപ്പെട്ടതും അടിയന്തിര പ്രാധാന്യമുള്ളതുമായ പ്രശ്നം ഏതാണെന്നു് കണ്ടുപിടിക്കുവാൻ എന്തിനാണിത്ര പ്രയാസം? അങ്ങനെ കണ്ടുപിടിച്ചു് അതിവിടെ അവതരിപ്പിക്കാൻ അനുവദിക്കുന്നതല്ലേ നല്ലതു.

Shri. T. K. Divakaran: That is an insinuation against the Chair.

ശ്രീ. ടി. എ. മജീദ്: No. Sir, രണ്ടുമൂന്നു് നോട്ടീസുകളും വളരെ പ്രധാനപ്പെട്ടതും അടിയന്തിരപ്രാധാന്യമുള്ളതും ഉന്നയിച്ചാൽ അതിൽ ഏറ്റവും പ്രധാനപ്പെട്ടതു് ഏതാണെന്നു് കണ്ടുപിടിക്കുന്നതിനു് വലിയ പ്രയാസമുണ്ടെന്നു് പറയുന്നതു് മനസ്സിലാക്കാൻ സാധിക്കുന്നില്ല. അതിനു് അത്രമാത്രം പ്രയാസമുണ്ടോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മജീദു് ഈ കസേരയിലിരുന്നു് പരീക്ഷിച്ചു് നോക്കിയിട്ടില്ല. അതു് പരീക്ഷിച്ചു നോക്കിയിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങളും ഈ നിയമസഭയിൽ തന്നെയുണ്ടു്. ബഹുമാനപ്പെട്ട പറമ്പിത്തറ മാസ്റ്ററും, ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയും ഈ കസേരയിലിരുന്നു് പരീക്ഷിച്ചു് നോക്കിയിട്ടുള്ളവരാണു്. അവരോടു് ചോദിച്ചാൽ പറയും. ഞാൻ അതിനെപ്പറ്റി ഇപ്പോഴൊന്നും അഭിപ്രായം പറയാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: അടുത്ത തവണയെങ്കിലും ശ്രീ. ടി. എ. മജീദിനെ പാനൽ ചെയർമാനാക്കേണ്ടതാണു്.

മി. സ്പീക്കർ: റൂൾ 61 അനുസരിച്ചുള്ള നോട്ടീസ് കൊണ്ടുവന്നിട്ട് എല്ലാ മെമ്പറന്മാരും എന്നെ നേരിട്ടുവന്നുകണ്ടു, സമ്മർദ്ദം ചെലുത്തി യെന്നു് ഞാൻ പറയുന്നില്ല, സ്നേഹത്തോടുകൂടിയ സമ്മർദ്ദം ചെലുത്തി അനുവദിക്കണമെന്നു് പറഞ്ഞതാണു്. ഏതായാലും ഇവിടെ തന്നിട്ടുള്ള റൂൾ 61 അനുസരിച്ചുള്ള നോട്ടീസുകളെല്ലാം ഞാൻ വായിക്കാം.

1. കണ്ണൂർ ഡിസ്ട്രിക്ടിൽ പാക്കേജ് പ്രോഗ്രാം നടപ്പാക്കുന്നതിൽ കൃഷി ഡിപ്പാർട്ടുമെന്റു കാണിക്കുന്ന അനാസ്ഥയിൽ പ്രതിഷേധിച്ചു് ആയിരത്തിൽ കൂടുതൽ കൃഷിക്കാർ കണ്ണൂർ കളക്ടറേറ്റിനു് മുമ്പിൽ സത്യഗ്രഹം തുടങ്ങിയതിനെ തുടർന്നു് സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രീ. ഇ. അഹമ്മദു് ഒരു നോട്ടീസ് നൽകിയിട്ടുണ്ടു്.

ഈ നോട്ടീസ് രണ്ടു ദിവസങ്ങൾക്കുമുമ്പു നൽകിയതാണു്. ഇതു് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്നു പറഞ്ഞുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർ എന്നെ വന്നുകണ്ടു നിവേദനം നടത്തിയിട്ടുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly